**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5031** **20-07-2022 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടായ നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതിക്ഷോഭം മൂലം നാളിതുവരെ ഉണ്ടായ നാശനഷ്ടങ്ങൾ ,മരണങ്ങൾ, കൃഷി നാശം, വീട് നഷ്ടപ്പെടവർ, എന്നിവയെ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതിക്ഷോഭം മൂലം 146 പേർ മരണമടയുകയും, 12889.461 ഹെക്ടർ സ്ഥലത്ത് 4039.1975 ലക്ഷം രൂപയുടെ കൃഷിനാശവും, 29821 പേരുടെ വീടുകൾക്ക് പൂർണ്ണമായോ,ഭാഗികമായോ നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവ മൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്ര; | (ബി) | പ്രകൃതിക്ഷോഭം മൂലം സംസ്ഥാനത്തിനു ഉദ്ദേശം 325,58,77,769/- രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട് . |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എത്ര ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ; | (സി) | കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകാനുള്ള നടപടി സ്വീകരിച്ചു; എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ നടത്തി; ഇതിനൊക്കെ എന്ത് തുക ചിലവായി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രകൃതിക്ഷോഭം മൂലം പൂർണ്ണമായും,ഭാഗികമായും നാശനഷ്ടങ്ങൾ ഉണ്ടായ 29375 വീടുകൾക്ക് 103,94,40,421/- രൂപ അനുവദിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ